(ബി) കായികതാരങ്ങളുടെ അപേക്ഷ പരിശോധിച്ച് നിയമനത്തിന് യോഗ്യരായവരെ കണ്ടെത്തുന്നതിനായി കായികയുവജനകാര്യ ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിയമന നടപടികൾ നടന്നുവരുന്നു.

(സി) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാനത്തിനായി മെഡൽ നേടിയ കായികതാരങ്ങൾക്കൊഴികെ മറ്റാർക്കും സർക്കാർ തൊഴിൽ വാഗ്ദാനം നൽകിയിട്ടില്ല.

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ചെലവ്

212 (4547) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഓരോയിനത്തിലും ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഓരോ ഉപകരണത്തിനും എത്ര തുക ചെലവായി എന്നും എത്ര വീതം ഉപകരണങ്ങൾ വാങ്ങിയെന്നും വ്യക്തമാക്കുമോ :

(സി) അനുബന്ധ കാര്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 35-ാം ദേശീയഗെയിംസിൽ പങ്കെടുത്ത സംസ്ഥാന ടീമിന്റെ പരിശീലനത്തിനും മറ്റു ചെലവുകൾക്കുമായി 14-7-2015 വരെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1.	സംസ്ഥാന ടീം കോച്ചിംഗ് ക്യാമ്പ്	- 4,11,90,459 രൂപ
2.	കായിക ഉപകരണങ്ങൾ	- 91,68,412 രൂപ
3.	മസ്സാജിയേഴ്സിന്റെ ശമ്പളം	- 1,19,000 രൂപ
4.	പോക്കറ്റ് മണി (കായിക താരങ്ങൾ/ പരിശീലകർ/മാനേജർ)	- 17,76,000 രൂപ
5.	റ്റി.എ./ഡി.എ.	- 2,48,817 രൂപ
6.	സെറിമോണിയൽ ഡ്രസ്സ്	- 21,84,586 രൂപ
7.	പ്ലേയിംഗ് കിറ്റ്	- 27,75,361 രൂപ
8.	സ്പോർട്സ് കിറ്റ്	- 48,58,500 രൂപ
	ആകെ	- 6,23,21,135 രൂപ

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് 30-6-2015 വരെ ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) 35-ാം ദേശീയ ഗെയിംസിൽ പങ്കെടുത്ത സംസ്ഥാന ടീമിന്റെ പരിശീലനത്തിനായി ആവശ്യമായ കായിക ഉപകരണങ്ങൾ സംസ്ഥാന അസോസിയേഷനുകൾ മുഖേന വാങ്ങിയ ഇനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1.	ആർച്ചറി കായിക ഉപകരണങ്ങൾ	- 55,80,924 രൂപ
2.	ബാഡ്മിന്റൺ ഷട്ടിൽ	- 3,42,000 രൂപ
3.	റൈഫിൾ കായിക ഉപകരണങ്ങൾ	- 21,92,163 രൂപ
4.	ഫെൻസിംഗ് കായിക ഉപകരണങ്ങൾ	- 10,53,325 രൂപ
	ആകെ	- 91,68,412 രൂപ

ഇതിനുപുറമെ നാല് സൈക്കിളുകൾ വാങ്ങിയതിന് സംസ്ഥാന സൈക്ലിംഗ് അസോസിയേഷന് 9,60,000 രൂപ നൽകുവാനുണ്ട്.

ദേശീയ ഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും അനുബന്ധ സാമഗ്രികൾ വാടകയ്ക്കെടുക്കുന്നതിനുമായി ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് ചെലവഴിച്ച തുകയുടേയും മറ്റും വിശദാംശം അനുബന്ധം -2-ൽ ചേർത്തിട്ടുണ്ട്.*

വാങ്ങിയ ഉപകരണങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(സി) വിശദാംശം അനുബന്ധം 1-ൽ കാണാവുന്നതാണ്.

ദേശീയ ഗെയിംസിന്റെ നടത്തിപ്പിലെ അഴിമതി

213 (4548) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ അഴിമതി ആരോപിച്ച് വിവിധ കമ്മിറ്റികളിൽ നിന്നും എത്ര എം.എൽ.എ. മാർ രാജിവച്ചിരുന്നു ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly